LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ കടബാദ്ധ്യതയും വിദേശ ധനസഹായവും

3 [315] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ എന്തു തുക സംസ്ഥാനത്തിന് മൊത്തം കടബാദ്ധ്യതയുണ്ടായിരുന്നെന്നും 2004 മേയ് 31-ന് ഈ തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം വിദേശ ഏജൻസികളിൽനിന്ന് സാമ്പത്തിക സഹായം അഭ്യർത്ഥിച്ചിട്ടുണ്ടെന്നും ഏതെല്ലാം ഏജൻസികൾ എത്ര തുക വീതം സർക്കാരിനു നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) എ.ഡി.ബി.-യിൽനിന്ന് എത്ര തുകയാണ് സംസ്ഥാന സർക്കാരിന് വായ്പയായും ഗ്രാന്റായിട്ടും ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) ഈ തുക നൽകുന്നതിന് എന്തെല്ലാം നിബന്ധനകളാണ് ഫണ്ടിംഗ് ഏജൻസി സംസ്ഥാന സർക്കാർ അനുവർത്തിക്കേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) എ.ഡി.ബി.-യുടെ നിർദ്ദേശപ്രകാരമാണോ സംസ്ഥാന സർക്കാർ ഭരണ നവീകരണ പരിപാടികൾ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ എന്തെങ്കിലും നിർദ്ദേശങ്ങൾ ഫണ്ടിംഗ് ഏജൻസി നൽകിയിട്ടുണ്ടെങ്കിൽ അവ എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1-4-2001-ലെ പൊതുക്കടം 23,919 കോടി രൂപ. 31-3-2004 വരെയുള്ള താൽക്കാലിക കണക്കുകൾ മാത്രമെ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളൂ. ടി കണക്കുകളുടെ അടിസ്ഥാനത്തിൽ 31-3-2004-ലെ പൊതുകടം 36,234 കോടി രൂപ.

(ബി) സംസ്ഥാന സർക്കാരിനു വിദേശ സഹായ പദ്ധതികൾക്കായി ധനം ലഭിക്കുന്നത് കേന്ദ്ര സർക്കാർ വഴി അധിക കേന്ദ്രസഹായമായിട്ടാണ്. സംസ്ഥാന സർക്കാരിനു നേരിട്ടു വിദേശ സഹായം ലഭിക്കുന്നില്ല.

(സി) കേന്ദ്ര സർക്കാർ വഴി പദ്ധതി നടത്തിപ്പിലേക്കായി അധിക കേന്ദ്ര സഹായമായി, എ.ഡി.ബി.-യിൽനിന്നും ലഭിച്ചത് 601.30 കോടി രൂപ. ഇതിൽ 70% വായ്പയും 30% ഗ്രാന്റുമാണ്.

(ഡി) നിബന്ധനകൾ അനുബന്ധമായി † കൊടുത്തിട്ടുള്ള പോളിസി മാട്രിക്സിൽ കാണാവുന്നതാണ്.

(ഇ) ഭരണനവീകരണ പരിപാടി പൂർണ്ണമായും സംസ്ഥാന സർക്കാരാണ് ആവിഷ്ക്കരിച്ചു നടപ്പാക്കുന്നത്. ഈ പരിപാടിയുടെ നടത്തിപ്പിന് കേന്ദ്ര സർക്കാർ വഴി അധിക കേന്ദ്ര സഹായമായി ലഭിക്കുന്ന എ.ഡി.ബി.-യിൽനിന്നുള്ള വായ്പ വിനിയോഗിക്കുന്നു എന്നുമാത്രം.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.